പടന്ന പഞ്ചായത്തിൽ മത്സ്യ സംസ്കരണ കേന്ദ്രം

18 (1925) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ പടന്ന പഞ്ചായത്തിൽ മത്സ്യ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഒരു മത്സ്യ സംസ്കരണ കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിവർഷം 750 ടൺ മത്സ്യവും 300 ടണ്ണോളം മത്സ്യവും സംസ്ക്കരിക്കുന്നതിനുവേണ്ടി 10 ടൺ ശേഷിയുള്ള 2 കോൾഡ് സ്റ്റോറേജുകൾ, 3 ടൺ ശേഷിയുള്ള ടണൽ ഫ്രീസർ, 250 കി.ഗ്രാം/90 മിനിറ്റ് ശേഷിയുള്ള പ്ലേറ്റ് ഫ്രീസർ, 3 ടൺ ശേഷിയുള്ള പ്ലേറ്റ് ഐസ് യൂണിറ്റ് 500 കി.ഗ്രാം/മണിക്കൂർ ശേഷിയുള്ള ബോയിലർ എന്നിവ ഉൾപ്പെട്ട ആധുനിക മത്സ്യ സംസ്ക്കരണ കേന്ദ്രമാണ് ഉദ്ദേശിക്കുന്നത്. ഉദ്ദേശം ഒന്നരകോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പ്രസ്തുത സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതു സംബന്ധിച്ച് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

കായംകുളം ഫിഷറീസ് ഹാർബർ നിർമ്മാണം

19 (1926) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) അവിടെ മത്സ്യബന്ധനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഇതുവരെ കായംകുളം ഫിഷറീസ് ഹാർബറിനുവേണ്ടി ചെലവഴിച്ച തുക എത്രയാണ് ;

(ഡി) ഇതുവരെ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുമോ ;

(ഇ) പൊഴിയുടെ വടക്കുഭാഗത്തുള്ള ആലപ്പുഴ ജില്ലയിലേയ്ക്കുകൂടി തുറമുഖത്തിന്റെ ഭാഗങ്ങൾ സ്ഥാപിക്കുന്നകാര്യം നടപ്പാക്കുന്നുണ്ടോ ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly